**കേരള സർക്കാർ**

**സംഗ്രഹം**

പൊ.വി.വ-മെയിന്റനൻസ് ഗ്രാന്റ്-ചാർട്ടേഡ് അക്കൗണ്ടന്റിന്റെ സാക്ഷ്യപത്രം ഹാജരാക്കണമെന്ന നിബന്ധന 20,000/- രൂപയിൽ കൂടുതൽ ഗ്രാന്റ് വാങ്ങുന്ന സ്കൂളുകൾക്കായി പരിമിതപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (പി) നം.15/2018/പൊവിവ** **തിരുവനന്തപുരം,തീയതി 14/06/2018**

പരാമർശം:- 27-09-2013-ലെ ജി.ഒ (പി) നം. 261/13/പൊവിവ

**ഉത്തരവ്**

കെ.ഇ.ആർ അദ്ധ്യായം XXVIII, ചട്ടം 6 (4) ൽ 3500/- രൂപയിൽ കൂടുതൽ ഗ്രാന്റ് വാങ്ങുന്ന സ്കൂളുകൾ മുൻവർഷത്തെ ഗ്രാന്റിന്റെ ചെലവ് ഓഡിറ്റ് ചെയ്ത സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കെ.ഇ.ആർ അദ്ധ്യായം XXVIII, ചട്ടം 4 പ്രകാരം എൽ.പി, യു.പി, എച്ച്.എസ്.സ്കൂളുകളിൽ ഒരു കുട്ടിക്ക് യഥാക്രമം 3.25, 5, 7.50 എന്നീ നിരക്കുകളിലാണ് മുൻപ് ഗ്രാന്റ് അനുവദിച്ചിരുന്നത്. പരാമർശിച്ച ഉത്തരവ് പ്രകാരം ഒരു കുട്ടിക്ക് 60/- രൂപ നിരക്കിൽ എൽ.പി സ്കൂളുകൾക്ക് പരമാവധി 30,000/-രൂപയും, യു.പി സ്കൂളുകൾക്ക് പരമാവധി 40,000/- രൂപയും ഹൈസ്കൂളുകൾക്ക് ഒരു കുട്ടിക്ക് 80/- രൂപാ നിരക്കിൽ പരമാവധി 60,000/- രൂപയും ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

കെ.ഇ.ആർ ലെ വ്യവസ്ഥ പ്രകാരമുള്ള ഗ്രാന്റ് തുക 2013 ലെ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ചാർട്ടേർഡ് അക്കൗണ്ടന്റിനെ കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു അതനുസരിച്ച്, കെ.ഇ.ആർ അദ്ധ്യായം XXVIII. ചട്ടം 6(4) പ്രകാരം 3500/- രൂപയിൽ കൂടുതൽ ഗ്രാന്റ് വാങ്ങുന്ന സ്കൂളുകൾ മുൻവർഷത്തെ ഗ്രാന്റിന്റെ ചെലവ് ഓഡിറ്റ് ചെയ്ത സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിക്കണമെന്ന വ്യവസ്ഥ 20,000 രൂപയിൽ കൂടുതൽ മെയിന്റനൻസ് ഗ്രാന്റ് വാങ്ങുന്ന സ്കൂളുകൾക്ക് മാത്രമായി പരിമിതപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കെ.ഇ.ആറിലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ പിന്നീട് ഭേദഗതി വരുത്തുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എച്ച്. നജീബ്**

ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം. (കെ.ഇ.ആറിലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള പ്രൊപ്പോസൽ ഉടൻ സമർപ്പിക്കേണ്ടതാണ്).
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം, (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, വെബ് & ന്യൂമീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ